# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2611** **17.06.2019-ൽ മറുപടിയ്ക്ക്**

### പ്രളയ പുനരധിവാസപ്രവർത്തനങ്ങൾ

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ. ഇ.കെ.വിജയൻ | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ വാണിമേൽ പന്നിയേരിലെ കേളപ്പൻ എന്നയാളുടെ വീട് കഴിഞ്ഞ പ്രളയത്തിൽ തകർന്നതിനെത്തുടർന്ന് ആയത് പരിശോധിച്ച് വാസയോഗ്യമല്ലെന്ന റിപ്പോർട്ട് മൈനിങ് ആന്റ് ജിയോളജി ഡിപാർട്ട്മെന്റ് നൽകിയിട്ടുണ്ടോ; | (എ) | റവന്യൂ വകുപ്പും, മൈനിംഗ് ആന്റ് ജിയോളജി വകുപ്പും സ്ഥല പരിശോധന നടത്തിയ സന്ദർഭത്തിൽ ടി സ്ഥലം താമസയോഗ്യമല്ലെന്ന് കണ്ടെത്തിയിരുന്നു. എന്നാൽ ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ഥലം വാങ്ങി ടിയാന് പുതിയ വീട് നിർമ്മിച്ചുനല്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) & (സി) | 2018 ലെ പ്രളയത്തെ തുടർന്ന് നിലവിലെ സ്ഥലം, വീട് വയ്ക്കുന്നതിന് അനുയോജ്യമല്ലെങ്കിൽ 3 മുതൽ 5 സെന്റ് വരെ വസ്തു വാങ്ങുന്നതിന് രജിസ്ട്രേഷൻഫീസ്, സ്റ്റാമ്പ് ഡ്യൂട്ടി, എഴുത്ത് ഫീസ് ഉൾപ്പെടെ 6 ലക്ഷം രൂപ ദുരന്ത നിവാരണ വകുപ്പ് മുഖേന അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഭൂമി അനുവദിക്കുന്നതിന് ജില്ലാകളക്ടർ മുഖേന നടപടി സ്വീകരിക്കുന്നതിന് കോഴിക്കോട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് നിർദേശം നൽകിയിട്ടുണ്ട്. |
| (സി) | ഇതുമായി ബന്ധപ്പെട്ട ഫയലിലെ നിലവിലെ സ്ഥിതി എന്താണെന്നും, ഈ ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണ് ഉള്ളതെന്നും വ്യക്തമാക്കാമോ; പ്രസ്തുത ഫയലിൽ അടിയന്തരനടപടികൾ സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**